പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 7942 24.07.2012 ൽ മറുപടിയ്ക്ക്

## വൈദ്യുതി ലൈൻ മാറ്റി സ്ഥാപിക്കുന്നതിന് ചാർജ്ജ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.ചെന്താമരാക്ഷൻ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) |
| (എ) നിർദ്ധനരായ ആളുകളുടെ വീടിന് മുകളിൽക്കൂടിയും വീട്ടു വയ്ക്കാനായി വാങ്ങിയ സ്ഥലത്തിന് മുകളിൽ ക്കൂടിയും കടന്ന് പോകുന്ന വൈദ്യുതി ലൈൻ മാറ്റി സ്ഥാപിക്കുന്നതിന് നിലവിൽ ചാർജ്ജ് ഈടാക്കാറുണ്ടോ; | (എ) ഉണ്ട്.<br>നിലവിലുള്ള നിയമപ്രകാരം വൈദ്യുതി ലൈനുകൾ മാറ്റി സ്ഥാപിക്കുന്നത് വർക്ക് ഡെപ്പോസിറ്റ് വ്യവസ്ഥയിൽ ചെയ്യാവുന്നതാണ്. ഇതിന് വേണ്ടതായ തുക അപേക്ഷകൻ മുൻകൂറായി ബോർഡിൽ അടയ്ക്കേണ്ടതാണ്.<br>എന്നാൽ 14.01.2009-ലെ ബോർഡ് ഉത്തരവ് പ്രകാരം ജനവാസമുള്ള പ്രദേശങ്ങളിലൂടെ കടന്നുപോകുന്ന വൈദ്യുതി ലൈനുകൾ പൊതുവഴിയിലേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിന് ഇലക്ട്രിക്കൽ സർക്കിൾ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർക്ക് അധികാരം നൽകിയിട്ടുണ്ട്. ഇതിന് നിലവിലുള്ള ലൈനുകളെ അപേക്ഷിച്ച് ദൈർഘ്യം കുറഞ്ഞ മറ്റൊരു റൂട്ടിലൂടെ ലൈൻ വലിക്കുവാൻ സാധിക്കണം. കൂടാതെ എസ്റ്റിമേറ്റ് തുക അഞ്ച് ലക്ഷം രൂപയിൽ കവിയാതിരിക്കുകയും ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർക്ക് ഇതിന്റെ ആവശ്യകത ബോധ്യപ്പെടുകയും വേണം. |

| | | | |
|---|---|---|---|
| (ബി) | ഇപ്രകാരമുള്ള ലൈൻ മാറ്റുന്നതിന് പണം അടയ്ക്കാൻ കഴിയാത്തതിന്റെ പേരിൽ നിർദ്ധനരായ നിരവധി പേരുടെ വീട് പണി പൂർത്തീകരിക്കാൻ കഴിയുന്നില്ല എന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | എങ്കിൽ വൈദ്യുതി ലൈൻ മാറ്റി സ്ഥാപിക്കുന്നതിന് നിർദ്ധനർക്ക് സൗജന്യം അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ? | (സി) | പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ